# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 026** June 22, 2025 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


# നല്ല അയൽക്കാരാകുക



പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ ശ്ലീഹന്മാരുടെ സ്നേഹക്കൂട്ടായ്മയാൽ പടുത്തുയർത്തപ്പെടുന്ന തിരുസഭയെ അനുസ്മരിക്കുന്ന ശ്ലീഹാക്കാലത്തിന്റെ മൂന്നാം ഞായറാഴ്ചയിലേക്ക് നാം പ്രവേശിക്കുമ്പോൾ തിരുസഭാമാതാവ് നമുക്ക്വിചിന്തനത്തിനായി നൽകിയിരിക്കുന്ന വചനഭാഗം നല്ല സമരിയാക്കാരന്റെ ഉപമയാണ്.

ആരാണ് എന്റെ അയൽക്കാരൻ എന്ന നിയമജ്ഞന്റെ ചോദ്യത്തിന്, എങ്ങനെ ഒരു അയൽക്കാരനാകാൻ സാധിക്കുമെന്ന മറുപടിയാണ് ഈശോ നൽകുന്നത്. യഹൂദരും സമരിയാക്കാരും തമ്മിൽ വലിയ സമ്പർക്കമൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ഈശോ ഈ ഉപമ പറയുന്നത്. എ. ഡി 6-നും 9-നുമിടയിൽ ജറുസലേമിൽ പെസഹാത്തിരുനാളിന്റെ അവസരത്തിൽ ദേവാലയത്തിനു ചുറ്റും അസ്ഥിക്കഷണങ്ങൾ വിതറി ദേവാലയം അശുദ്ധമാക്കിയ സമരിയാക്കാരെ തങ്ങളുടെ അയൽക്കാരായി സ്വീകരിക്കാൻ യഹൂദർക്ക് സാധിക്കുമായിരുന്നില്ല. ജറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്ന ഈശോയെ സ്വീകരിക്കാതിരുന്ന സമരിയാക്കാരുടെമേൽ സ്വർഗത്തിൽ നിന്ന് അഗ്നിയിറക്കി അവരെ നശിപ്പിക്കട്ടെ എന്ന സെബദിപുത്രന്മാരുടെ ചോദ്യവും, യഹൂദരും സമരിയാക്കാരും തമ്മിലുള്ള വിദ്വേഷത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്.

ആ സംഭവത്തിനു ശേഷമാണ് ഈശോ നല്ല സമരിയാക്കാരന്റെ ഉപമ പറഞ്ഞത് എന്നതും ശ്രദ്ധേയമാണ്. നല്ല അയൽക്കാരായിത്തീരാൻ നമുക്ക് വേണ്ടത് ദൈവസ്നേഹവും പരസ്നേഹവുമാണ്. അതു തന്നെയാണ് ഇന്നത്തെ സുവിശേഷത്തിന്റെ രത്നച്ചുരുക്കവും.

ഒന്നാമത്തെ വായനയിൽ ഇസ്രായേലിന് അവകാശമായി ദേശം വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ വിശ്വസ്ത സ്നേഹത്തെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. രണ്ടാം വായനയിൽ ദൈവസ്നേഹം മറന്ന ജനത്തോട് ഏശയ്യ പ്രവാചകനിലൂടെ അവിടുന്ന് അരുളിച്ചെയ്യുന്ന വാക്കുകളാണ് പ്രതിപാദിച്ചിരിക്കുന്നത്.

ദൈവസാന്നിധ്യത്തിന്റെ നഗരവും രക്ഷാകേന്ദ്രവുമായ ജറുസലേമിൽ നിന്ന് ഭൗതികതയുടെ കച്ചവടകേന്ദ്രമായ ജറീക്കോയിലേക്കുള്ള ഒരു മനുഷ്യന്റെ യാത്ര പ്രതിനിധീകരിക്കുന്നത് ദൈവത്തിൽ നിന്നകന്ന് ഭൗതികതയിലേക്ക് യാത്ര ചെയ്യുന്ന എല്ലാ മനുഷ്യരെയുമാണ്. ഇത്തരം യാത്രകളാണ് സ്വാഭാവികമായും അപകടങ്ങളിലേക്ക് നയിക്കപ്പെടുന്നത്. ജീവിതത്തിലെ ചില അപകടസാഹചര്യങ്ങളിലാണ് നല്ല അയൽക്കാരുടെ സാന്നിധ്യവും സഹകരണവും നമുക്ക് ആവശ്യമായി വരിക. അയൽക്കാരുടെ അതിർത്തികൾ സ്വന്തക്കാരിലേക്കും ബന്ധുക്കളിലേക്കും സ്വസമുദായത്തിലേക്കും മാത്രം ചുരുക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഈ ഉപമ നമ്മോടു പറയുന്നതും, എല്ലാവർക്കും അയൽക്കാരാകുക എന്നുകൂടിയാണ്. അതിനുള്ള വലിയ മാതൃക നമുക്ക് കാണിച്ചുതന്ന വിശുദ്ധയാണ് മദർ തെരേസ.

വിശുദ്ധരുടെ ജിവിതമെല്ലാം നമുക്ക് നൽകുന്നത് നല്ല അയൽക്കാരായതിന്റെ സുവിശേഷങ്ങളാണ്. ആധുനികലോകത്തിലെ അപകടം നിറഞ്ഞ ജറീക്കോ വഴികളിൽ മുറിവേറ്റു വീഴുന്നവർക്ക് ആശ്വാസം പകരാനും രക്ഷയുടെ ഭവനത്തിലേക്ക് അവരെ കൂട്ടിക്കൊണ്ടു പോകാനും വിളിക്കപ്പെട്ടിരിക്കുന്നവരാണ് നാം ഓരോരുത്തരും. നിരാശയുടെയും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റ് പലവിധ തിന്മകളുടെയും മുറിവുകളാൽ ഈ വഴിയിൽ അനേകം മക്കൾ ആശ്വാസത്തിനായി കാത്തുകിടപ്പുണ്ട്. ക്രിസ്തു എന്ന നല്ല സമരായനായി, വചനത്തിന്റെ ഔഷധം പകർന്ന് നിത്യരക്ഷയുടെ ദൈവിക സാന്നിധ്യത്തിലേക്ക് അവരെ ആനയിക്കാൻ കടപ്പെട്ടവരാണ് നമ്മൾ എന്ന ചിന്ത നമുക്ക് മനസിൽ സൂക്ഷിക്കാം. "നീയും പോയി അതുപോലെ ചെയ്യുക" എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് അവിടുന്ന് കാണിച്ചുതന്ന നല്ല സമരായന്റെ ജീവിതമാതൃക സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM




## മൂന്നാം ഞായർ

## നല്ല അയൽക്കാരാകുക

### Scripture Reading:
### St. Jude Koodarayogam

നിയ 1:5–8
ദൈവത്തിന്റെ വിശ്വസ്ത സ്നേഹം.

ഏശ 1:1–9
ദൈവസ്നേഹം മറന്ന ജനം.

1 കോറി 7:1–7
ദാമ്പത്യസ്നേഹം.

ലൂക്കാ 10:25–37
സമരിയാക്കാരന്റെ പരസ്നേഹം.


## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

June 27: Feast of Sacred Heart of Jesus
June 30: Get together of Seniors <70 with Mar Aprem
July 3: Dukhrana of St. Thomas
July 20: Parish Day
July 30- Aug 1: CCD Summer Camp
August 3 : Main Feast: Flag Hoisting
August 10: Main Parish Feast
August 15: Assumption of Our Lady

# CALLED TO BE NEIGHBORS:
## LIVING THE LOVE OF THE GOOD SAMARITAN



As we enter the third Sunday of the Season of the Apostles, which commemorates the Church raised through the fellowship of the Apostles and the anointing of the Holy Spirit, the Holy Mother Church presents us with the parable of the Good Samaritan for our reflection.

In response to the lawyer's question, "Who is my neighbor?", Jesus does not merely identify someone, but instead explains how one can become a neighbor. This parable was told at a time when Jews and Samaritans had little to no interaction. Between A.D. 6 and 9, during the Passover season in Jerusalem, the Samaritans scattered human bones around the Temple, defiling it. Because of this, the Jews could not accept the Samaritans as their neighbors.

Even the incident where the Samaritans refused to receive Jesus as He journeyed to Jerusalem—and the sons of Zebedee asked Jesus if they should call down fire from heaven to destroy them—reflects the depth of hostility between the two groups. It is immediately after such an incident that Jesus tells the parable of the Good Samaritan —an important context. To become a good neighbor, what is required is love of God and love of neighbor. That is the core message of today's Gospel.

In the first reading, we see God's faithful love in promising the land of inheritance to Israel. In the second reading, the prophet Isaiah delivers God's words to a people who have forgotten God's love.

The man traveling from Jerusalem (the city of God's presence) to Jericho (a city symbolic of materialism and trade) represents anyone who turns away from God and journeys toward materialism. Such journeys naturally lead to danger and harm. In life's many such perilous moments, we are in need of the presence and support of good neighbors.

In today's world, where the definition of "neighbor" is being limited to one's own people, relatives, or community, this parable reminds us of our call to be a neighbor to all. One shining example of such universal neighborliness is Saint Mother Teresa.

The lives of the saints are indeed Gospels of good neighborliness. We are all called to be neighbors to those wounded on the modern-day roads to Jericho—those who suffer from despair, addiction, and many forms of brokenness. There are countless children on these roads waiting for comfort.

Like Christ, the Good Samaritan, we are entrusted to pour the healing oil of the Word of God and lead them to the divine presence of eternal salvation. Let us keep this thought close to our hearts: "Go and do likewise."
Accepting this call from Christ our Lord, may we strive to model our lives after the Good Samaritan He revealed to us.

# ചിക്കാഗോ സെന്റ് മേരീസ് ഇടവകയിലെ മെൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ യുട്ടിക്കയിലേക്ക് നടത്തിയ വിനോദയാത്ര


















St. Mary's
Knanaya Catholic Parish of Chicago

# Malayalam Class

*and*

# ഉണ്ണികളരി

# 2025

**Every Tuesday and Wednesday from 11 AM-12:30 PM.**
**Ages 5 and up.**

**Visitation convent sisters and CCD teachers will lead the classes.**

St. Mary's

# Knanaya Catholic Parish of Chicago

## 15th Anniversary Celebrations

UPCOMING EVENTS

---

**Monday**
**30**
June

*Get together of Seniors above age 70 with Mar Aprem*



---

**Sunday**
**20**
July

*Parish Day Wedding Anniversary Celebrations*



---

**Wednesday**
**30**
July
TO
**Friday**
**1**
August

*Religious Education School Summer Camp 2025*



# St. Mary's Knanaya Catholic Church

## "THE SHRINE OF GUADALUPE" & MEXICO CITY

From Chicago
September 4-7, 2025

ALL-INCLUSIVE PACKAGE
featuring 5-star hotels



## TOUR HIGHLIGHTS

### Day 1

- Morning arrival in Mexico City & breakfast
- Visit the City, including the Zocalo, view the National Palace, Mass in the Basilica of Guadalupe
- After lunch, visit the Museum of Anthropology



### Day 2

- Pyramids of Teotihuacan & Coyoacan
- Lunch at Gran Teocalli in Teotihuacan
- Church of San Juan Bautista & Church of El Carmen

### Day 3

- Visit Mexico city and historic and Chapultepec Park Mass
- at Basilica of Our Lady of Ocotlan
- Shrine of San Miguel Del Milagros



### Day 4

- Visit Basilica of Guadalupe and Mass at the Basilica
- Shopping and transfer to the airport


**Group Leaders**

**Rev. Fr. Siju Mundakkodil**

**Johnikutty Pillaveettil**

847-924-3493